**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3234** | **14.03.2018-ൽ മറുപടിക്ക്** |
|---|---|

## സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ

| | ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഒരുക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി "KIDS GLOVE" എന്ന ഒരു പദ്ധതി പോലീസിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് സംസ്ഥാനതലത്തിൽ നടപ്പിലാക്കി വരുന്നു. കേരളാ പോലീസ് സൈബർ ഡോം, സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു. കൂടാതെ നവമാധ്യമങ്ങൾ വഴി സൈബർ സുരക്ഷാ ബോധവത്കരണ പോസ്റ്ററുകൾ, ജാഗ്രതാ നിർദ്ദേശങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചും വരുന്നുണ്ട്. |
| (ബി) | ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ നൽകുമോ; | (ബി) | കേരളാ പോലീസിന്റെ നേതൃത്വത്തിൽ വിവര സാങ്കേതിക വിദ്യയുടെ ദൂഷ്യവശങ്ങളേയും ചതിക്കുഴികളേയും സംബന്ധിച്ച് കുട്ടികളിലും അതുപോലെ തന്നെ അദ്ധ്യാപകരിലും രക്ഷിതാക്കളിലും ബോധവത്കരണം നടത്തേണ്ട ആവശ്യകത മനസ്സിലാക്കി സൈബർ സുരക്ഷയെക്കുറിച്ച് അവബോധം ജനിപ്പിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് "KIDS GLOVE".<br>ടി പദ്ധതിയിൽ സൈബർ സുരക്ഷാ വിദഗ്ധർ ബോധവൽക്കരണ സെമിനാറുകൾ അവതരിപ്പിക്കുകയും സൈബർ സുരക്ഷയുമായി ബന്ധപ്പെട്ടുള്ള പ്രായോഗിക പരിശീലനം നൽകുകയും, ഓൺലൈൻ രംഗത്തെ മന:ശാസ്ത്രപരമായ സമീപനങ്ങളെക്കുറിച്ച് കുട്ടികൾക്ക് മന:ശാസ്ത്ര വിദഗ്ധന്റെ ക്ലാസ്സ് സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ